**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1377** — **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മറ്റു സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ച കുട്ടികൾക്ക് മൌലാന അബ്ദുൽ കലാം സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് തടസ്സമുണ്ടോ; | (എ) | മൗലാന അബ്ദുൾ കലാം സ്കോളർഷിപ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നൽകി വരുന്നില്ല |
| (ബി) | ഒന്നാം ക്ലാസ് മുതൽ കോളേജ് തലം വരെ നിലവിലുള്ള സ്കോളർഷിപ്പുകളും അവയുടെ മാനദണ്ഡങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | **പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പുകൾ**<br><br>**<u>1.ന്യൂനപക്ഷ പ്രീ മെട്രിക് സ്കോളർഷിപ്പ്</u>**<br><br>മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ജൈനർ, ബുദ്ധർ, പാഴ്സി എന്നീ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 1 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് കുടുംബ വരുമാനത്തിന്റെയും പഠനമികവിന്റേയും അടിസ്ഥാനത്തിൽ നൽകി വരുന്നു. കുടുംബ വരുമാന പരിധി 100000/-.<br><br>**<u>2. നാഷണൽ മീൻസ്-കം-മെറിറ്റ്</u>**<br><br>8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷാഭവൻ നടത്തുന്ന മത്സര പരീക്ഷയിൽ വിജയിക്കുന്ന ഉന്നത റാങ്ക് നേടുന്ന കുട്ടികൾക്ക് മാത്രം നൽകി വരുന്നു. ടി വിദ്യാർത്ഥികൾക്ക് 9 മുതൽ 12 വരെ ക്ലാസ്സ് കാലയളവിൽ സ്കോളർഷിപ്പിനുള്ള അർഹതയുണ്ട്. കുടുംബവരുമാന പരിധി 150000/-.<br><br>**<u>3. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പ്</u>**<br><br>**9, 10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകി വരുന്നു. കുടുംബ വരുമാന പരിധി 250000/-**<br><br>**<u>4.ബീഗം ഹസ്രത്ത് മഹൽ സ്കോളർഷിപ്പ്</u>.**<br><br>**മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ജൈനർ, ബുദ്ധർ, പാഴ്സി എന്നീ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 9, 10, 11, 12 ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക്** |

കുടുംബവരുമാനത്തിന്റെയും, പഠന മികവിന്റെയും അടിസ്ഥാനത്തിൽ നൽകി വരുന്നു. കുടുംബവരുമാന പരിധി 200000/-

5.മുസ്ലീം-നാടാർ ആഗ്ലോ ഇന്ത്യൻ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന പെൺകുട്ടികൾക്കുള്ള ധനസഹായം

കുടുംബവാർഷിക വരുമാനം 25,000/- രൂപയിൽ കുറവായ കുടുംബത്തിലെ 4 മുതൽ 10 വരെ ക്ലാസ്സിലെ പെൺകുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നു.

6.എൽ.എസ്.എസ്/യു.എസ്.എസ് (ലോവർ/അപ്പർ പ്രൈമറി സ്കൂൾ സ്കോളർഷിപ്പ്)

പരീക്ഷാ കമ്മീഷണർ നടത്തുന്ന മത്സര പരീക്ഷ വിജയിക്കുന്ന 5 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് LSS ഉം 8 മുതൽ 10വരെ ക്ലാസിലെ കുട്ടികൾക്ക് USS ഉം നൽകി വരുന്നു.

7.നാഷണൽ സ്കോളർഷിപ്പ്

യു.എസ്.എസ് പരീക്ഷയിൽ വിജയികളാകുന്ന 8,9,10 ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക് നാഷണൽ സ്കോളർഷിപ്പ് നൽകി വരുന്നു. ഇവർക്ക് യു.എസ്.എസ് ലഭിക്കുന്നതല്ല .

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകി വരുന്ന സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എം.സി.എം (MCM -Merit cum Means) സ്കോളർഷിപ്പ്

കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രാലയം സാങ്കേതിക പ്രൊഫഷണൽ മേഖലകളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, സിഖ്, ബുദ്ധ, ജൈന, ഇടങ്ങിയ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വർഷം തോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വഴി എം.സി.എം സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. രണ്ടരലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള ന്യൂനപക്ഷ കുടുംബത്തിലുള്ള വിദ്യാർത്ഥികളിൽ, പഠിച്ച കോഴ്സിന് കുറഞ്ഞത് 50% മാർക്ക് നേടിയവർക്ക് എം.സി.എം സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

നോൺ ഗേറ്റ് സ്കോളർഷിപ്പ്

എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഓരോ വർഷത്തെയും M.Tech വിദ്യാർത്ഥികളിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ 5 വിദ്യാർത്ഥികൾക്ക് പ്രതിമാസം 6000/- രൂപ നിരക്കിൽ നൽകി വരുന്നു.

ഗവേഷക വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

കേരള സാങ്കേതിക സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന Ph.D വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും സ്കോളർഷിപ്പിന് അർഹരായ 8 വിദ്യാർത്ഥികളെ ഒരു കമ്മിറ്റി തിരഞ്ഞെടുക്കുകയും ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 20,000/-രൂപ നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിക്കുകയും ചെയ്യുന്നു. ഓരോ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഉയർന്ന റാങ്കുകൾ നേടുന്ന വിദ്യാർത്ഥികളെയാണ് പ്രസ്തുത സ്കോളർഷിപ്പിന് തിരഞ്ഞെടുക്കുന്നത്.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകി വരുന്ന സ്കോളർഷിപ്പുകൾ

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നോൺ പ്രഫഷണൽ എയിഡഡ് കോഴ്സുകൾക്ക് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിയിരിക്കുന്നതാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. പ്ലസ് ടു/ തത്തുല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 1000 വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് രണ്ടും മൂന്നും വർഷത്തെ ബിരുദ പഠനത്തിനും ഒന്നും രണ്ടും വർഷത്തെ ബിരുദാനന്തര ബിരുദ പഠനത്തിനും മാനദണ്ഡങ്ങൾക്ക് വിധേയമായി പുതുക്കി നൽകുകയും ചെയ്യുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകി വരുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ സ്കോളർഷിപ്പുകൾ

മുസ്ലീം, നാടാർ ഗേൾസ് സ്കോളർഷിപ്പ്

18000/-രൂപ വരുമാനപരിധിയുള്ള +1, +2 തത്തുല്യയോഗ്യതയ്ക്കും ഡിഗ്രിക്കും പഠിക്കുന്ന മുസ്ലീം/ നാടാർ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗക്കാരായ മുന്നോക്ക

സമുദായത്തിലെ പെൺകുട്ടികൾക്കും മാത്രമാണ് നിലവിൽ ഈ സ്കോളർഷിപ്പ് നൽകി വരുന്നത്.

ഡിസ്ട്രിക്ട് മെരിറ്റ് സ്കോളർഷിപ്പ്

സംസ്ഥാന സിലബസിൽ പഠിച്ച് A+ വാങ്ങുന്ന ( $10^{th}$ )എല്ലാ വിദ്യാർത്ഥികൾക്കും 1250/-രൂപ (per annum) 7 വർഷത്തേയ്ക്ക് അനുവദിച്ച് നൽകുന്നു. ഓരോ വർഷവും പുതുക്കൽ ആവശ്യമാണ്. (Above 60% Mark)

ബ്ലൈന്റ്/പി.എച്ച് സ്കോളർഷിപ്പ് (ഭിന്നശേഷി, കാഴ്ചവൈകല്യം മാത്രം ഉള്ളവർക്ക്)

വരുമാനപരിധി-2,50,000/- ഫീസിന് തുല്യമായ തുക, ബുക്ക് അലവൻസ് 500/-രൂപ, ഹോസ്റ്റൽ ചാർജ്ജ് മുഴുവൻ.

കാഴ്ച ഒഴികെയുള്ള മറ്റ് ശാരീരിക വൈകല്യങ്ങൾ

വരുമാനപരിധി- 4,50,000/- ഹോസ്റ്റൽ ചാർജ്ജ് മുഴുവൻ. ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് ബോർഡിംഗ് ഗ്രാൻഡ് 4000/-രൂപ.

മ്യൂസിക് & ഫൈൻ ആർട്സ് സ്കോളർഷിപ്പ്

ഗവൺമെന്റ് മ്യൂസിക് കോളേജുകളിൽ BPA/MPA/BA/MA കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും, ഗവൺമെന്റ് ഫൈൻ ആർട്സ് കോളേജുകളിൽ യു.ജി/പി.ജി കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും നൽകി വരുന്നു. വരുമാനപരിധി-1,00000/-

ഐ.എ.എസ് കോച്ചിംഗ് ടു എസ്.സി/എസ്.റ്റി സ്റ്റുഡന്റ്

മഹാരാജാസ് കോളേജ്, എറണാകുളം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്നീ കോളേജുകളിൽ പഠിക്കുന്നവരും ഐ.എ.എസ് കോച്ചിംഗിന് ചേർന്നവരായ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ആകെ 10,000/-രൂപ അനുവദിക്കുന്നു. ടി തുക അപേക്ഷകർക്ക് തുല്യമായി വീതിച്ച് നൽകുന്നു.

സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പ്

വരുമാനപരിധി-1,00000/-, പ്ലസ്ടുവിന് 50% ത്തിനു മുകളിൽ മാർക്കുള്ളവർക്കു നൽകി വരുന്നു.

സ്കോളർഷിപ്പ്സ് റ്റു ചിൽഡ്രൻ ഓഫ് പ്രൈമറി & സെക്കന്ററി സ്കൂൾ ടീച്ചേഴ്സ്

വരുമാനപരിധി-1,00000/-, സ്കോളർഷിപ്പ് തുക 500/- രൂപ (വാർഷികം) നിലവിൽ അപേക്ഷകരില്ല.

**<u>ഹിന്ദി സ്കോളർഷിപ്പ്</u>**

ഡിഗ്രി തലത്തിൽ രണ്ടാംഭാഷയായി ഹിന്ദി പഠിക്കുന്നവർക്ക് മുൻഗണന നൽകുന്നു. യുജി തലത്തിൽ 180 വിദ്യാർത്ഥികൾക്കും, പി.ജി, പി.എച്ച്.ഡി, ബി.എഡ്, എം.ഫിൽ എന്നിവ പഠിക്കുന്ന 59 വിദ്യാർത്ഥികൾക്കും ഈ സ്കോളർഷിപ്പ് നൽകുന്നു. വരുമാനപരിധിയില്ല. യുജി-5000/-, പി.ജി-10000/-, Phd, BEd, M phil-12000/-

**<u>സംസ്കൃത സ്കോളർഷിപ്പ്</u>**

സംസ്കൃത ഭാഷ മെയിനായി തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. വരുമാന പരിധി 100000/- യുജി & പിജി 2000 (വാർഷികം)

**<u>സ്കോളർഷിപ്പ് റ്റു ഡിപ്പന്റൻസ് ഓഫ് ജവാൻ</u>**

വരുമാന പരിധി -100000/- നിലവിൽ അപേക്ഷകരില്ല.

**<u>സ്കോളർഷിപ്പ് റ്റു ബി.പി.എൽ സ്റ്റുഡൻസ് (സുവർണജൂബിലി സ്കോളർഷിപ്പ്</u>**

ബി.പി.എൽ വിദ്യാർത്ഥികളുടെ പട്ടികയിൽനിന്നും രണ്ടോ മൂന്നോ പേരെ (based on the strength of students in the institution)സ്ഥാപനമേധാവി തിരെഞ്ഞെടുത്ത് അറിയിക്കുന്നു. (5 വർഷം -യു.ജി-3, പി.ജി-2) 10000/-(വാർഷികം)

**<u>ആസ്പയർ സ്കോളർഷിപ്പ്</u>**

കേരള സംസ്ഥാനത്തെ സർവ്വകലാശാല കളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവൺമെന്റ് / എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെയും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലെയും സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് രണ്ടാംവർഷ ബിരുദാനന്തരബിരുദം, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികൾക്കാണ് നൽകുന്നത്. ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് ഒരു മാസവും എം.ഫിൽ വിദ്യാർത്ഥികൾക്ക് രണ്ട് മാസവും പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് 4 മാസവുമാണ് ഇന്റേൺഷിപ്പിനുള്ള സമയപരിധി.

**<u>എൻകറേജ് ടാലന്റ്സ് ഇൻ ലിറ്ററേച്ചർ</u>**

| | | | |
|---|---|---|---|
| | | | **യൂണിവേഴ്സിറ്റി/സ്കൂൾ യുവജനോത്സവങ്ങളിൽ സാഹിത്യരചനാമത്സരങ്ങളിൽ എ ഗ്രേഡ് ലഭിക്കുന്നവർക്ക് ലഭിക്കുന്നു. വരുമാന പരിധിയില്ല.**<br><br>**<u>എൻകറേജ് ടാലന്റ് മ്യൂസിക് ആർട്ട്സ് ആന്റ് പെർഫോമിങ് ആർട്ട്സ്</u>**<br><br>**യൂണിവേഴ്സിറ്റി/സ്കൂൾ യുവജനോത്സവങ്ങളിൽ എ ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് 12,500/-രൂപ (ഒരു വർഷം മാത്രം ലഭിക്കുന്നു)**<br><br>**<u>സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്</u>**<br><br>**1.കേന്ദ്രമാനവശേഷി മന്ത്രാലയം കോളേജ്/ സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ്.**<br><br>**2.അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സ്-നു പഠിക്കുന്നവരായിരിക്കണം കൂടാതെ പ്ലസ് ടു കഴിഞ്ഞു തുടർ പഠനം നടത്തുന്നവരായിരിക്കണം .**<br><br>**3. ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.**<br><br>**4.സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് യഥാക്രമം 3:2:1 എന്ന അനുപാതത്തിൽ വിതരണം ചെയ്യും. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക, ഭിന്നശേഷി വിഭാഗക്കാർക്ക് യഥാക്രമം 15%, 7.5%, 27%, 3% സംവരണമുണ്ട്.**<br><br>**<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റ്സ്</u>**<br><br>**പത്താം തരത്തിന് മുകളിൽ സർക്കാർ എയ്ഡഡ് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന മുസ്ലീം/ ക്രിസ്ത്യൻ/ ബുദ്ധ/ ജൈന/ സിഖ്/ പാഴ്സി മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.**<br><br>**<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡൻസ് വിത്ത് ഡിസബിലിറ്റീസ്</u>**<br><br>**പത്താം തരത്തിന് മുകളിൽ സർക്കാർ എയ്ഡഡ് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.** |

സെക്ഷൻ ഓഫീസർ